V സബ്മിഷൻ

(1) തോണിക്കടവിൽ തൂക്കുപാലം

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, അഞ്ചുതെങ്ങുമായി ബന്ധപ്പെട്ട ഒരു പ്രശ്നമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. നേരത്തെ ഇവിടെ നടന്ന അടിയന്തരപ്രമേയ ചർച്ചയിൽ വീടുനിർമ്മാണവുമായി ബന്ധപ്പെട്ട് എന്റെ പേരും പരാമർശിക്കുകയുണ്ടായി. അതിനെകുറിച്ചൊരു വിശദീകരണം നൽകാൻ ഈ സമയം അനുവദിക്കുമെന്ന് കരുതുന്നു.

മി. സ്പീക്കർ : സബ്മിഷൻ ഉന്നയിക്കാൻ വേണ്ടിയാണ് സമയം അനുവദിച്ചത്.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : അടിയന്തരപ്രമേയചർച്ചയിൽ എന്നെക്കുറിച്ച് പരാമർഷിച്ച വിഷയത്തിന്മേൽ വിശദീകരണത്തിനുള്ള സമയം തരണം

മി. സ്പീക്കർ: അത് എഴുതിത്തരണം.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : അഞ്ചുതെങ്ങ്, കടയ്ക്കാവൂർ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ഒരു പ്രധാനപ്പെട്ട കടത്താണ് തോണിക്കടവ്. അഞ്ചുതെങ്ങിലെ മലയാളം എൽ.പി.എസ്., സെന്റ് ജോസഫ് ഹയർ സെക്കണ്ടറി, സേക്രഡ് ഹാർട്ട് കോൺവെന്റ് സ്കൂൾ ഇവിടെയെല്ലാം പോകുന്ന വിദ്യാർത്ഥികൾ ഈ കടത്ത് കടന്നാണ് പോകുന്നത്. അഞ്ചുതെങ്ങിൽ നിന്ന് കടയ്ക്കാവൂരിലേയ്ക്ക് പുനരധിവസിപ്പിച്ചിട്ടുള്ള മത്സ്യത്തൊഴിലാളികൾ മത്സ്യം പിടിക്കാൻ പോകുന്നതിനും ഈ കടത്താണ് ഉപയോഗിക്കുന്നത്. ഒരു പഴകിയ വള്ളമാണ് അവിടെ കിടക്കുന്നത്. പി.ഡബ്ല്യു.ഡി. കടവ് നിർത്തലാക്കി. ഇപ്പോൾ എല്ലാം പഞ്ചായത്തിനെ ഏല്പിച്ചതിന്റെ ഫലമായി, പഞ്ചായത്തിന് സ്വന്തമായി വള്ളം നിർമ്മിക്കാനുള്ള അവകാശമൊന്നുമില്ല, വാടകയ്ക്ക് എടുത്താണ് നടത്തുന്നത്. ആരെങ്കിലും എടുത്തുകൊടുക്കുന്ന വള്ളത്തിന്റെ സുരക്ഷിതത്വമൊന്നും നോക്കാതെയാണ് നടത്തുന്നത്. കഴിഞ്ഞദിവസം ആ വള്ളം മറിഞ്ഞു. സ്കൂളിൽ പോയ കുറച്ചു കുട്ടികളൊക്കെ വെള്ളത്തിൽ വീണു. അവരിപ്പോൾ ആശുപത്രിയിലാണ്. ഭാഗ്യവശാൽ ജീവന് അപകടമുണ്ടായില്ല. അവിടെയൊരു കാർട്ടബിൾ ബ്രിഡ്ജ് നിർമ്മിക്കണമെന്നുള്ള ആവശ്യം ഏറെനാളുകളായി ഉന്നയിക്കുന്നതാണ്. ആ പാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നടപടികളൊക്കെ സ്വീകരിച്ച് വരുന്നു എന്നല്ലാതെ ഒച്ചിഴയുന്ന വേഗത്തിലാണ് അത് നീങ്ങുന്നത്. എത്രയും വേഗം അത് നിർമ്മിക്കണം. ഇല്ലെങ്കിൽ കുട്ടികളോ ആളുകളോ മരിച്ചു വീഴുന്നത് സഹിക്കാനാവില്ല.

റവന്യൂ വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : സർ, ബഹുമാനപ്പെട്ട ആനത്തലവട്ടം ആനന്ദന്റെ മണ്ഡലത്തിലുള്ള ഗുരുതരമായൊരു പ്രശ്നമാണ് സഭയുടെ മുമ്പിൽ ഉന്നയിച്ചിട്ടുള്ളത്. മലപ്പുറം ജില്ലയിലെ അരീക്കോട് മൂർക്കനാട് കടവിൽ എട്ടു കുട്ടികളുടെ മരണത്തിനിടയാക്കിയ തോണി അപകടത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് കുട്ടികൾ കൂടുതലായി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സ്കൂളിലെത്തി ചേരുന്നതിനായി ആശ്രയിക്കുന്ന കടവുകളെക്കുറിച്ച് സംസ്ഥാന ദുരന്ത നിവാരണ വകുപ്പ് ഒരു സർവ്വേ നടത്തുകയും സംസ്ഥാനത്ത് വളരെയധികം കുട്ടികൾ യാതൊരു സുരക്ഷയുമില്ലാത്ത കടത്തുവഞ്ചികളെ ആശ്രയിച്ചാണ് സ്കൂളിലെത്തിച്ചേരുന്നതെന്നും ഇത്തരത്തിൽ 554 കടവുകൾ ഉണ്ടെന്നും കണ്ടെത്തുകയുണ്ടായി. ഈ 554 കടവുകളിലും പാലം പണിയുന്നതിനായി 559 കോടി രൂപ ചെലവാകുമെന്ന് കണക്കാക്കിയിരുന്നു. വിദ്യാർത്ഥികൾ കൂടുതലായി ഉപയോഗിക്കുന്നു എന്ന് കണ്ടെത്തിയ 554 കടവുകളിലും പാലം പണിയണമെന്നതാണ് സർക്കാർ തീരുമാനം. എന്നാൽ ഇതിലേയ്ക്കാവശ്യമായ തുക പൂർണ്ണമായും സംസ്ഥാന ഗവൺമെന്റിന് കണ്ടെത്തുവാൻ സാധിക്കാത്ത സാഹചര്യത്തിൽ ഓരോ ജില്ലയിലും രണ്ട് പാലങ്ങൾ വീതവും അതിനു പുറമേ മലപ്പുറം ജില്ലയിലെ മൂർക്കനാട് കടവിൽ ഒരു പാലവും ഉൾപ്പെടെ 29 പാലം സംസ്ഥാന സർക്കാർ നേരിട്ട് നിർമ്മിക്കുന്നതിന് തീരുമാനിച്ചു. ഈ 29 പാലങ്ങളിൽ ചിറയിൻകീഴ് താലൂക്കിലെ തോണിക്കടവും ഉൾപ്പെടുന്നുണ്ട്. ഇതിൽ മൂർക്കനാട് കടവിൽ പാലം നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു. നടപടിക്രമങ്ങൾ പൂർത്തിയാക്കി എത്രയും വേഗം തന്നെ ഈ 29 കടവുകളിലും പാലം നിർമ്മാണം ആരംഭിക്കും. ബാക്കിയുള്ള പാലങ്ങൾ പണിയുന്നതിന് 530 കോടി രൂപ അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര സർക്കാരിന് സംസ്ഥാന ഗവൺമെന്റ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(2) അഭിഭാഷകർക്കുള്ള ക്ഷേമനിധി

ശ്രീ. എൻ. അനിരുദ്ധൻ : സർ, കാലഹരണപ്പെട്ടുപോകുന്ന അഭിഭാഷക ക്ഷേമനിധി ഓർഡിനൻസ് അടിയന്തരമായി നിയമമാക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇൻഡ്യൻ അസോസിയേഷൻ ഓഫ് ലോയേഴ്സ് ഇന്ന് നിയമസഭാ മാർച്ച് നടത്തുകയാണ്. വളരെ ന്യായമായ ഒരു ആവശ്യമാണിത്. നിയമസഭയ്ക്കു തന്നെ വളരെ അപഖ്യാതിയുണ്ടാക്കുന്ന രീതിയിലേയ്ക്ക് പല തവണ ഈ ഓർഡിനൻസ് ആവർത്തിച്ചാവർത്തിച്ച് നിലനിർത്തിക്കൊണ്ടു പോകുകയാണ്. മാത്രമല്ല ക്ഷേമനിധി പ്രവർത്തനം ഇപ്പോൾ കാര്യക്ഷമമായിട്ടല്ല നടക്കുന്നത്. മുമ്പുള്ള നിയമത്തിൽ യുവ അഭിഭാഷകർക്ക് അഞ്ചു വർഷത്തേയ്ക്ക് ക്ഷേമനിധി വിഹിതം അടയ്ക്കേണ്ടതില്ലായിരുന്നു. ഇപ്പോൾ അത് എടുത്തു കളഞ്ഞിട്ടുണ്ട്. അത് പുനഃസ്ഥാപിക്കണം. അതുപോലെതന്നെ കോടിക്കണക്കിന് രൂപ കോർട്ട് ഫീസിനത്തിൽ ഗവൺമെന്റിലേയ്ക്ക് അഭിഭാഷകരുംകൂടി ചേർന്ന് നേടിക്കൊടുക്കുന്നുണ്ട്. കോർട്ട് ഫീസിന്റെ ഒരംശം ഈ അഭിഭാഷക ക്ഷേമനിധിയിലേക്ക് നൽകണമെന്നാണ് അവർ ആവശ്യപ്പെടുന്നത്. ചികിത്സാസഹായം എല്ലാ വിഭാഗം ആളുകൾക്കും കൊടുക്കുന്നുണ്ട്. അഭിഭാഷകർക്കുള്ള ചികിത്സാസഹായം പരമാവധി ഒരു ലക്ഷം രൂപയെങ്കിലും ആക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. ഈ പ്രശ്നങ്ങളുന്നയിച്ചുകൊണ്ടാണ് ഇൻഡ്യൻ അസോസിയേഷൻ ഓഫ് ലോയേഴ്സ് ഇന്ന് നിയമസഭാ മാർച്ച് നടത്തുന്നത്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ സത്വരശ്രദ്ധയുണ്ടാകണം.